LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങൾ, ഗവൺമെന്റിലേക്ക് എൻ.സി.ഡി.സി.-വായ്പ ഇനത്തിൽ 77253052 രൂപ താഴെ പറയുംപ്രകാരം തിരികെ അടച്ചിട്ടുമുണ്ട്.

മുതൽ : 63601663 രൂപ

പലിശ : 13651389 രൂപ

ആകെ : 77253052 രൂപ

(സി) സംസ്ഥാന സഹകരണ മേഖലയ്ക്ക് വായ്പ അനുവദിക്കുന്നതിന് എൻ.സി.ഡി.സി. പുതുതായി വ്യവസ്ഥകൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) എൻ.സി.ഡി.സി.യിലേക്ക് സമർപ്പിക്കുന്ന 40.00 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകളുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പരിശോധിച്ച് ഫീസിബിലിറ്റി ഉറപ്പ് വരുത്തുന്നതിനായി എൻ.സി.ഡി.സി. തലത്തിൽ രൂപീകരിച്ചിട്ടുള്ള റീജിയണൽ സ്ക്രീനിംഗ് കമ്മിറ്റിയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഒരു ജോയിന്റ് രജിസ്ട്രാറെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ ബാങ്കുകളേയും സഹകരണ സംഘങ്ങളേയും തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2 (5407) ശ്രീ. എം. ഉമ്മർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളേയും സഹകരണ സംഘങ്ങളേയും തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളെ വർഗ്ഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നാണ് അവസാനമായി പരിഷ്ക്കരിച്ചത് ;

(സി) കാലാനുസൃതമായി നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വർഗ്ഗീകരണ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാത്തതുമൂലം സഹകരണ മേഖലയ്ക്കുണ്ടായിട്ടുള്ള നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളെ അവയുടെ സ്വഭാവവും സാമ്പത്തിക സ്ഥിതിയും അനുസരിച്ച് ഗവൺമെന്റ് തരംതിരിക്കേണ്ടതാണെന്ന് 1969-ലെ

കേരള സഹകരണ സംഘം നിയമം വകുപ്പ് 80-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ അനുബന്ധം 3-ൽ തരംതിരിച്ചുകൊണ്ടും ആയത് മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കുവാനും 1969-ലെ കേരള സഹകരണ സംഘം ചട്ടം 182-ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ കേരള സഹകരണ സംഘം ചട്ടം 15-ൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സംഘങ്ങളേയും സംഘങ്ങളുടെ മുഖ്യ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) 2-5-2000-ൽ പ്രാബല്യത്തിൽ വന്ന കേരള സഹകരണ സംഘം ചട്ടത്തിലെ ഭേദഗതിയിലാണ്, സംഘങ്ങളുടെ മുഖ്യലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളെ വർഗ്ഗീകരിക്കുന്നതിനുള്ള ചട്ടം 15 അവസാനമായി പരിഷ്ക്കരിച്ചത്.

എന്നാൽ സഹകരണ സംഘം നിയമം വകുപ്പ് 80-ന് അനുസൃതമായ സർക്കാരിന്റെ 4-1-2010-ലെ ജി.ഒ.(പി) നമ്പർ 2/10/സഹ നമ്പർ ഉത്തരവ് (എസ് ആർ ഒ നമ്പർ 9/10) പ്രകാരം, സംസ്ഥാനത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അടക്കമുള്ള വായ്പാ സംഘങ്ങൾ, അർബൻ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ എന്നീ തരം സഹകരണ സ്ഥാപനങ്ങളെ സംഘങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്ന മാനദണ്ഡങ്ങൾ അവസാനമായി പരിഷ്ക്കരിക്കുകയുണ്ടായിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലമാകുകയും നൂതന സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ കാലാനുസൃതവും സമഗ്രവുമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ. ഇ. നാരായണൻ ചെയർമാനായും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. പി. എ. ഉമ്മർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. നളന്ദ ഗോപാലകൃഷ്ണൻ നായർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ 28-6-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 434/07/സഹ നമ്പർ പ്രകാരം ചുമതലപ്പെടുത്തുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശയുടേയും 2008-ൽ നടന്ന 6-ാം സഹകരണ കോൺഗ്രസ്സിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളുടേയും സഹകരണ വകുപ്പ് തലത്തിൽ നടന്ന ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഭേദഗതി നിയമം 28-4-2010-ലെ 14953/ജി.ബി.2/09/ലാ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വർഗ്ഗീകരണ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാത്തതുമൂലം സഹകരണ മേഖലയ്ക്ക് നഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly